(ബി) വിഭജിക്കാൻ പരിഗണിക്കുന്ന സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും, അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പ്രാദേശികമായ സാഹചര്യങ്ങളും സെക്ഷൻ ഓഫീസ് രൂപീകരണത്തിന് പരിഗണിക്കാറുണ്ട്.

(സി-ഇ) ഉണ്ട്. വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. എന്നാൽ മേൽ പ്രസ്താവിച്ച മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂക്കൊളത്തൂരിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വികസന പദ്ധതികൾ

18(2056) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതൊക്കെയാണ്; എത്ര ഫണ്ട് ചെലവഴിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽപ്പെടുന്ന കുഞ്ഞിമംഗലം, പഴയങ്ങാടി, മാടായി, മാതമംഗലം, തളിപ്പറമ്പ്, ധർമ്മശാല, ചെറുകുന്ന് എന്നീ സെക്ഷനുകളുടെ പരിധിയിൽ 2011-2016 കാലയളവിൽ 22.6 കിലോമീറ്റർ 11 കെ.വി. ലൈൻ, 32.64 കിലോമീറ്റർ എൽ.ടി. ലൈൻ, 89 ട്രാൻസ്ഫോർമർ, 31.99 കിലോമീറ്റർ കൺവേർഷൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് 6.83 കോടി രൂപ ചെലവഴിച്ചു. ഈ കാലയളവിൽ 9736 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ കീഴിൽ പഴയങ്ങാടി 110 കെ.വി. സബ്സ്റ്റേഷനിലെ രണ്ട് 110 കെ.വി. സർക്യൂട്ട് ബ്രേക്കറുകൾ മാറ്റിവച്ചു.

ചെലവഴിച്ച തുക - 12 ലക്ഷം രൂപ

മങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിലെ ഒരു 110 കെ.വി. സർക്യൂട്ട് ബ്രേക്കർ മാറ്റി വച്ചു.

ചെലവഴിച്ച തുക - 6 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly